കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 09 | 2022 |
|---|---|

ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## ദർശന പുണ്യം നേടി 15 ലക്ഷം പേർ; ശബരിമലയിൽ തിരക്കേറുന്നു

ഈ സീസണിൽ ശബരിമല ദർശനത്തിനെത്തിയവരുടെ എണ്ണം 15 ലക്ഷം പിന്നിട്ടു. ഡിസംബർ ഒന്നാം വാരം വരെ ദിനംപ്രതി ശരാശരി എൺപതിനായിരത്തോളം ഭക്തന്മാരാണ് ദർശനത്തിനെത്തിയിരുന്നത്. എന്നാൽ ര ാം വാരമായതോടെ ഭക്തരുടെ എണ്ണം ക്രമേണ വർധിച്ചു വരുകയാണ്. ഡിസംബർ 9 ന് (വെള്ളിയാഴ്ച) 1,07,695 പേരാണ് ദർശനത്തിനായി ഓൺലൈൻ ബുക്ക് ചെയ്തിരുന്നത്. പത്താം തീയതിയും ഒരു ലക്ഷത്തിനടുത്താണ് ബുക്കിംഗ്. വരും ദിവസങ്ങളിലും തിരക്ക് ഇതുപോലെ തുടരാനാണ് സാധ്യതയെന്ന് അധികൃതർ വിലയരുത്തുന്നു.

തിരക്ക് വർധിച്ച സാഹചര്യത്തിൽ പ്രത്യേക ജാഗ്രതയിലാണ് സന്നിധാനം. ഓരോ വകുപ്പുകളും തങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. തിരക്ക് കൂടുമ്പോൾ പമ്പമുതൽ സന്നിധാനം വരെ ഘട്ടം ഘട്ടമായി പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയാണ് ദർശനം സജ്ജമാക്കുന്നത്.

സന്നിധാനത്തേക്കുള്ള പ്രധാന പാതയിൽ നിന്നും വഴിതിരിഞ്ഞ് അയ്യപ്പഭക്തർ

വനത്തിലൂടെ നടക്കുന്ന സാഹചര്യം ശ്രദ്ധയിപ്പെട്ടിട്ടു ണ്ടെന്നും ഇത് അപകടം വിളിച്ചുവരുത്തുന്ന കാര്യമാണെന്നും ശബരിമല പോലീസ് സ്പെഷ്യൽ ഓഫീസർ ഹരിശ്ചന്ദ്ര നായിക് പറഞ്ഞു. ഇക്കാര്യം നിയന്ത്രിക്കാൻ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടു ണ്ടെന്നും അദ്ദേഹം അറിയിച്ചു.

കെ.എസ്.ആർ.ടി.സിയും തിരക്ക് കൈകാര്യം ചെയ്യാൻ സജ്ജമാണ്. നിലവിൽ 200 ൽ അധികം ബസുകൾ നിലയ്ക്കൽ - പമ്പ ചെയിൻ സർവീസിനായി ക്രമീകരിച്ചിട്ടു ണ്ട്. വെള്ളിയാഴ്ച 189 ബസുകളാണ് സർവീസ് നടത്തിയത്. തിരക്കനുസരിച്ച് ബസുകളുടെ എണ്ണം ഇനിയും വർധിപ്പിക്കുമെന്ന് കെ.എസ്.ആർ.ടി.സി അധികൃതർ അറിയിച്ചു.

(പി.ആർ.ശബരി- 143)

## അമിത നിരക്ക്; സന്നിധാനത്തെ ഹോട്ടലിന് പിഴ ചുമത്തി

ഭക്ഷണത്തിന് അയ്യപ്പ ഭക്തരിൽ നിന്നും അമിത നിരക്ക് ഈടാക്കിയ ഹോട്ടലിന് 5000 രൂപ പിഴ ചുമത്തി. സന്നിധാനത്തെ ശ്രീ ഗണേഷ് ഹോട്ടൽ തീർത്ഥാടകരിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായി വ്യാപകമായി പരാതി ഉയർന്നിരുന്നു. ഇക്കാര്യം സന്നിധാനം പോലീസ് വിജിലൻസ് വിഭാഗം സ്ഥിരീകരിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. തുടർന്ന് റവന്യു സ്ക്വാഡ് ഹോട്ടലിൽ നടത്തിയ പരിശോധനയിൽ പരാതി ശരിയെന്ന് ക ണ്ടെത്തുകയും ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. ശ്രീകുമാർ പിഴ ചുമത്തുകയുമായിരുന്നു.
പരിശോധനക്ക് എക്സിക്യുട്ടീവ് മജിസ്ട്രേറ്റ് കെ. ഗോപകുമാർ, അളവ് തൂക്കവിഭാഗം ഇൻസ്പെക്ടർ ഹരിശ്ചന്ദ്രക്കുറുപ്പ് എന്നിവർ നേതൃത്വം നൽകി.

(പി.ആർ.ശബരി- 144)

## 62-ാം വയസ്സിൽ കന്നിസ്വാമി;
## അയ്യന് കാണിക്കയായി കളരിമുറകൾ

കന്നിസ്വാമിയായി മലചവിട്ടിയെത്തി അയ്യപ്പന് കളരിമുറകൾ കാണിക്കയായി അർപ്പിച്ച സന്തോഷത്തിലാണ് കണ്ണൂർ കൊറ്റാളി സ്വദേശിയായ ദിനേശൻ ഗുരുക്കൾ. പലകുറി ആഗ്രഹിച്ചിരുന്നു എങ്കിലും ഇക്കുറിയാണ് 62 കാരനായ ഗുരുക്കൾക്ക് ശബരിമല ചവിട്ടാൻ സാധിച്ചത്. അങ്ങനെ ആദ്യമായി അയ്യപ്പനെ കാണാനെത്തുമ്പോൾ കളരി കാണിക്കയായി അവതരിപ്പിക്കണമെന്ന് തീരുമാനമെടുക്കുകയായിരുന്നു.

മാസങ്ങളോളം നീ ണ്ട പരിശീലനങ്ങൾക്കും ശ്രമങ്ങൾക്കും ഒടുവിലാണ് ഗുരുക്കൾ സന്നിധാനത്തെത്തി ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ കളരി അവതരിപ്പിച്ചത്. 15 അംഗ സംഘമായിട്ടായിരുന്നു കളരിപ്പയറ്റ് കാഴ്ചവെച്ചത്. തെക്കൻ, വടക്കൻ, കടത്തനാടൻ മുറകളെ കോർത്തിണക്കിയായിരുന്നു അവതരണം. 1975 ലാണ് ഇദ്ദേഹം കളരി അഭ്യാസം ആരംഭിച്ചത്. കഴിഞ്ഞ 42 വർഷമായി കളരി പരിശീലനവും നടത്തി വരുന്നു.

ഒരു മണിക്കൂറോളം നീ ുനിന്ന കളരി അഭ്യാസങ്ങളാണ് ഗുരുക്കളുടെ നേതൃത്വത്തിൽ അവതരിപ്പിച്ചത്. വാൾപ്പയറ്റ്, ഉറുമി പയറ്റ്, കുറുവടിപ്പയറ്റ് തുടങ്ങിയ വിവിധ മുറകൾക്കൊപ്പം അഭ്യാസ പ്രകടനങ്ങളും ഉൾക്കൊള്ളിച്ചിരുന്നു.

(പി.ആർ.ശബരി-145)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ (10.12.2022)

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മണിമുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.